(ബി) എങ്കിൽ ഇതിനു വിരുദ്ധമായി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിൽ 1985-86 അദ്ധ്യയന വർഷത്തിലേക്ക് ഒന്നാം വർഷം ബി. എ. എം. എസ്. ഡിഗ്രി കോഴ്സിന് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കരുതെന്ന് കോഴിക്കോട് സർവ്വകലാശാല 5-11-1985-ലെ കത്തുമൂലം നിർദ്ദേശിച്ചതനുസരിച്ച് വിദ്യാർത്ഥികളെ പ്രസ്തുത കോളേജിൽ പ്രവേശിപ്പിക്കരുതെന്ന തീരുമാനമെടുത്തിരുന്നു.

എന്നാൽ പ്രസ്തുത കോഴ്സിന് തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുവാൻ കോഴിക്കോട് സർവ്വകലാശാല 1986 ജനുവരിയിൽ നിർദ്ദേശിച്ചതനുസരിച്ച് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് ഒന്നാം വർഷ ബി എ. എം.എസ്. കോഴ്സിനുള്ള ക്ലാസ് ആരംഭിച്ചിട്ടുണ്ട്.

(ബി ആൻറ് സി) ഉദിക്കുന്നില്ല.

ആയുർവേദ കോളേജിൽ ഡിപ്പാർട്ടുമെൻറ് സിസ്റ്റം

389. [574] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെൻറ് ആയുർവേദ കോളേജിൽ ഡിപ്പാർട്ടുമെൻറ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) നിലവിലുള്ള പ്രൈവറ്റ് കോളേജുകളിൽ ഡിപ്പാർട്ടുമെൻറൽ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ ആൻറ് ബി) ബി. എ. എം. എസ്. ഡിഗ്രി കോഴ്സിന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിഷ്കർഷിച്ചിട്ടുള്ള ഡിപ്പാർട്ടുമെൻറുകളെല്ലാം തന്നെ ഗവൺമെൻറ് ആയുർവേദ കോളേജുകളിൽ പ്രവർത്തിച്ചുതുടങ്ങിയിട്ടില്ല. എന്നാൽ ഇതിലേക്കാവശ്യമായ പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

ആയുർവേദ ബിരുദാനന്തര കേന്ദ്രം

390. [575] ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ബിരുദാനന്തര കേന്ദ്രത്തിൽ പുതുതായി നിയമനങ്ങൾ വല്ലതും നടന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പി. എസ്. സി. വഴിയാണോ ;

(സി അല്ലെങ്കിൽ ഈ നിയമനങ്ങൾക്കായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്ത് ;

(ഡി) ഇപ്പോൾ അവിടെ ഒഴിവുള്ള പോസ്റ്റുകൾ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പി. ജി. സെൻററിനുവേണ്ടിയുള്ള സ്പെഷ്യൽ റൂൾസ്.

(ഡി) 11

പ്രൊഫസർ	1
റീഡർ	5
ലക്ചറർ	5

ആയുർവേദ കോളേജിലെ പോസ്റ്റ്ഗ്രാഡ്വേറ്റ് സെൻററിലെ നിയമനങ്ങൾ

391. [576] ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആയുർവേദ കോളേജിലെ പോസ്റ്റ്ഗ്രാഡ്വേറ്റ് സെൻററിൽ അടുത്ത കാലത്തായി നടന്നിട്ടുള്ള നിയമനങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

യോഗ പ്രകൃതി ചികിൽസ

392. [577] ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യോഗ പ്രകൃതി ചികിൽസ പഠിക്കുന്നതിനായി ബി. എ. എം. എസ്. വിദ്യാർത്ഥികൾക്ക് ആശുപത്രി വാർഡിൽ പരിശീലനം നൽകാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഇതു സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) യോഗാസന വാർഡ് ആയുർവേദ പോസ്റ്റ്ഗ്രാഡ്വേറ്റ് ഗവേഷണ സെൻററിൻെറ നിയന്ത്രണത്തിലാണ്. ഈ വാർഡ് തിരുവനന്തപുരം ആയുർവേദ കോളേജിലെ വിദ്യാർത്ഥികളുടെ ആവശ്യത്തിനുകൂടി ഉപയോഗപ്രദമാക്കണമെന്നു ആയുർവേദ കോളേജ് പ്രിൻസിപ്പാലിൻെറ നിർദ്ദേശം പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly